(ബി) തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് പാത്രക്കുളത്തിന് സമീപം പ്രവർത്തിക്കുന്ന ഈഞ്ചയ്ക്കൽ ഗ്രേയേഴ്സ് എന്ന സ്ഥാപനത്തെപ്പറ്റി പൊതുജനങ്ങളിൽ നിന്നും ഇതിനകം എത്ര പരാതികൾ കിട്ടിയിട്ടുണ്ട്;

(സി) ഈ സ്ഥാപനത്തിൽ നിന്നും വിൽക്കുന്ന ഭക്ഷ്യ എണ്ണയിൽ മായം ചേർത്തും തൂക്കത്തിൽ കുറവുവരുത്തിയും വിറ്റു വരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഈ സ്ഥാപനത്തിൽ നടക്കുന്ന വെട്ടിപ്പിനെക്കുറിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ഈ സ്ഥാപനത്തെപ്പറ്റി തിരുവനന്തപുരം സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) വ്യക്തമായ പരാതികൾ ലഭിക്കുന്നപക്ഷം അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

സബ് ഇൻസ്പെക്ടർക്കെതിരായുള്ള പരാതികൾ

981 [1579] ശ്രീ. എം.കെ. കേശവൻ:
,, പി. ഭാസ്കരൻ:
,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സബ് ഇൻസ്പെക്ടർക്കെതിരെ എത്ര പരാതികൾ ഇതിനകം കിട്ടിയിട്ടുണ്ട്;

(ബി) എത്രപ്രാവശ്യം ഈ ഉദ്യോഗസ്ഥനെ സസ്പെൻറ് ചെയ്തിട്ടുണ്ട്;

(സി) ഈ ഉദ്യോഗസ്ഥനെ ഇവിടെനിന്നും സ്ഥലം മാറ്റാൻ സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന്.

(ബി) സസ്പെൻറ് ചെയ്തിട്ടില്ല.

(സി) മേൽപ്പറഞ്ഞ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

പൂജപ്പുര പോലീസ് സ്റ്റേഷന്റെ അഴിമതി

982 [1582] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പൂജപ്പുര പോലീസ് സ്റ്റേഷന്റെ ദൂരവ്യാപ്തി എത്ര മാത്രമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാച്ചാണി, വെള്ളൈക്കടവ്, കുലശേഖരം, നെട്ടയം, മണലയം, വട്ടിയൂർക്കാവ്, മരുതൻകുഴി, മുടവൻമുകൾ, തൃക്കണ്ണാപുരം, മങ്കാട്ടുകടവ്, തിരുമല, പൂജപ്പുര, കരമന എന്നീ പ്രദേശങ്ങൾ പൂജപ്പുര പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽ പെടുന്നുണ്ടോ;

(സി) വളരെയധികം സ്ഥലങ്ങൾ പൂജപ്പുര പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് വളരെയധികം വിഷമങ്ങൾ അനുഭവിക്കേണ്ടിവരുന്നു എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഏകദേശം 6230 ഏക്കറോളം വരും.

(ബി) ഉണ്ട്.

(സി) ഉണ്ട്.

വട്ടിയൂർക്കാവ് പോലീസ് ഔട്ട്പോസ്റ്റ്

983 [1583] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് പോലീസ് ഔട്ട് പോസ്റ്റ് എന്നാണ് സ്ഥാപിച്ചത്;

(ബി) പ്രസ്തുത ഔട്ട്പോസ്റ്റ് മുൻപ് ചാർജിംഗ് സ്റ്റേഷൻ ആയിരുന്നോ;

(സി) വട്ടിയൂർക്കാവിൽ സ്ഥാപിച്ചിരുന്ന ചാർജിംഗ് സ്റ്റേഷൻ പൂജപ്പുരക്കു മാറ്റിയിട്ടുണ്ടോ;

(ഡി) വട്ടിയൂർക്കാവിൽ ഇപ്പോഴും നിലവിലുള്ള പോലീസ് ഔട്ട്പോസ്റ്റ് മാറ്റി ചാർജിംഗ് സ്റ്റേഷൻ ആക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 4.4.1940-ൽ

(ബി) ആയിരുന്നു.

(സി) ഉണ്ട്.

(ഡി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സാമ്പത്തിക ഭദ്രതയെ ആശ്രയിച്ചിരിക്കുന്നു.

പൊതുമുതൽ നശീകരണം തടയൽ നിയമം

984 [1584] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പൊതുമുതൽ നശീകരണം തടയൽ നിയമത്തിന് കേന്ദ്രത്തിന്റെ അംഗീകാരം കിട്ടിയോ;

(ബി) കിട്ടിയെങ്കിൽ എന്നാണ് കിട്ടിയത്;

LIBRARY ARCHIVES Kerala Legislative Assembly